# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

2020 ജനുവരി 31, വെള്ളി

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I ചരമോപചാരം

തോമസ് ചാണ്ടിയുടെ നിര്യാണം

മി. സ്പീക്കർ: മുൻമന്ത്രിയും എൻ.സി.പി. സംസ്ഥാന പ്രസിഡന്റും പതിനാലാം കേരള നിയമസഭയിൽ അംഗവുമായിരുന്ന തോമസ് ചാണ്ടി 2019 ഡിസംബർ 20-ന് നിര്യാതനായി. വി. സി. തോമസ്, ഏലിയാമ്മ ദമ്പതികളുടെ മകനായി 1947 ആഗസ്റ്റ് 29-ന് ആലപ്പുഴ ജില്ലയിലെ ചേന്നങ്കരിയിൽ ജനിച്ച അദ്ദേഹം 2006, 2011, 2016 എന്നീ വർഷങ്ങളിൽ കുട്ടനാട് നിയോജകമണ്ഡലത്തിൽനിന്നും നിയമസഭയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ടു. പതിനാലാം കേരള നിയമസഭയിൽ 01-04-2017 മുതൽ 15-11-2017 വരെ ഗതാഗത വകുപ്പുമന്ത്രിയായി ചുമതല നിർവ്വഹിച്ചിരുന്നതുകൂടാതെ എൻ.സി.പി. ദേശീയ വർക്കിംഗ് കമ്മിറ്റി അംഗം,

നിയമസഭാ കക്ഷി നേതാവ് എന്നീ നിലകളിലും അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്. ഹോട്ടൽ, വിദ്യാഭ്യാസം എന്നീ മേഖലകളിലെ അറിയപ്പെടുന്ന പ്രവാസി വ്യവസായി ആയിരുന്ന അദ്ദേഹം കുവൈറ്റ് യുദ്ധസമയത്ത് ഇന്ത്യക്കാരുടെ ആവശ്യങ്ങൾ വിവിധ അധികാരകേന്ദ്രങ്ങളിലെത്തിച്ച് പരിഹാരം കാണുന്നതിൽ നിസ്തുല പങ്ക് വഹിച്ചിട്ടുണ്ട്. പ്രളയമുൾപ്പെടെയുള്ള പ്രതിസന്ധിഘട്ടങ്ങളിലും ദാവീദ് പുത്രാ ചാരിറ്റബിൾ സൊസൈറ്റി എന്ന ജീവകാരുണ്യ പ്രസ്ഥാനത്തിലൂടെയും കുട്ടനാട്ടുകാർക്ക് തുണയായി. കുവൈറ്റിൽ ജോലി വാഗ്ദാനം ചെയ്ത് കബളിപ്പിക്കപ്പെട്ട നഴ്സുമാരുടെ പുനരധിവാസത്തിനായി നടത്തിയ ഇടപെടലുകളും മലയാളികൾ അധിവസിക്കുന്ന പ്രദേശത്ത് നടത്തിയ മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളും ഏറെ ശ്രദ്ധ പിടിച്ചുപറ്റി. കായലിനോടും വള്ളംകളിയോടും അതീവതല്പരനായിരുന്ന അദ്ദേഹം ദീർഘകാലം നെഹ്റു ട്രോഫി വള്ളംകളിയുടെ പ്രധാന സംഘാടകനായിരുന്നു. രാഷ്ട്രീയത്തിനതീതമായി നിയമസഭയ്ക്കകത്തും പുറത്തും വിശാലമായ സൗഹൃദം കൈമുതലായുണ്ടായിരുന്ന വ്യക്തിത്വമായിരുന്നു അദ്ദേഹത്തിന്റേത്. തികഞ്ഞ മനുഷ്യസ്നേഹിയായ രാഷ്ട്രീയ നേതാവിനെയും കരുത്തുറ്റ വ്യവസായിയെയുമാണ് തോമസ് ചാണ്ടിയുടെ നിര്യാണത്തിലൂടെ നഷ്ടമായിരിക്കുന്നത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): തോമസ് ചാണ്ടിയെക്കുറിച്ച് അങ്ങ് പ്രകടിപ്പിച്ച വികാരത്തോട് പൂർണ്ണമായി യോജിക്കുകയാണ്. എൻ.സി.പി. നേതാവ്, നിയമസഭാംഗം, മന്ത്രി എന്നീ നിലകളിൽ മികവാർന്ന വ്യക്തിത്വത്തിന്റെ ഉടമയായിരുന്ന തോമസ് ചാണ്ടി വിദ്യാർത്ഥി രാഷ്ട്രീയത്തിലൂടെയാണ് പൊതുപ്രവർത്തന രംഗത്തേയ്ക്ക് കടന്നുവന്നത്. ദേശാന്തര പ്രശസ്തിയുള്ള വ്യവസായ സംരംഭകനായിരുന്ന അദ്ദേഹം. 2006, 2011, 2016 വർഷങ്ങളിൽ സാമാജികനായി നിയമസഭയിലെത്തുകയും 2017 ഏപ്രിൽ മാസത്തിൽ ഗതാഗത വകുപ്പുമന്ത്രിയായി അധികാരമേൽക്കുകയും ചെയ്തു. നിയമസഭാംഗം എന്ന നിലയിലുള്ള പ്രവർത്തനവും മന്ത്രിയെന്ന നിലയിൽ പ്രകടിപ്പിച്ച ഭരണനൈപുണ്യവും സംസ്ഥാനത്തിന് നൽകിയ സംഭാവനകളും എന്നും ഓർമ്മിക്കപ്പെടും. മതനിരപേക്ഷ മൂല്യങ്ങൾ പൊതുജീവിതത്തിലും വ്യക്തിജീവിതത്തിലും നിലനിർത്തിക്കൊണ്ട് കുട്ടനാടിന്റെ വികസനത്തിന് നൽകിയ സംഭാവനകൾ വിലപ്പെട്ടതാണ്. തോമസ് ചാണ്ടിയുടെ നിര്യാണം കേരളത്തിന് പൊതുവിലും സഭയ്ക്ക് പ്രത്യേകിച്ചും വലിയ നഷ്ടമാണ്. ആ സ്മരണയ്ക്കുമുന്നിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സഭാദ്ധ്യക്ഷനും മുഖ്യമന്ത്രിയും പ്രകടിപ്പിച്ച വികാരത്തോട് യോജിക്കുകയാണ്. പരിമിതമായ സാഹചര്യങ്ങളിൽനിന്നും വിദേശത്ത് പോയി അവിടെ സ്വന്തമായി ഒരു സാമ്രാജ്യം

സൃഷ്ടിച്ച തോമസ് ചാണ്ടിയുടെ ജീവിതകഥ വിസ്മയകരമാണ്. ഗൾഫിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുപുറമെ സൂപ്പർ മാർക്കറ്റുകൾ, റെസ്റ്റോറന്റുകൾ തുടങ്ങി നിരവധി സ്ഥാപനങ്ങൾക്ക് അദ്ദേഹം തുടക്കം കുറിച്ചു. ചികിത്സയ്ക്കുംമറ്റും പണമില്ലാത്തവർക്ക് സ്വന്തം പോക്കറ്റിൽനിന്നും പണം കൊടുക്കുന്ന, സാധാരണക്കാരോടും പാവപ്പെട്ടവരോടുമൊപ്പം ഇഴുകിച്ചേരുന്ന സ്വഭാവമായിരുന്നു അദ്ദേഹത്തിന്റേത്. കക്ഷിരാഷ്ട്രീയത്തിനതീതമായ സൗഹൃദം കാത്തുസൂക്ഷിച്ചിരുന്ന യഥാർത്ഥ കുട്ടനാട്ടുകാരനെയാണ് തോമസ് ചാണ്ടിയുടെ നിര്യാണത്തോടുകൂടി നഷ്ടമായിരിക്കുന്നത്. അദ്ദേഹത്തിന്റെ നിര്യാണത്തിലുള്ള അഗാധമായ ദുഃഖം രേഖപ്പെടുത്തുകയും ആത്മാവിന്റെ നിത്യശാന്തിക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): ബഹുമാനപ്പെട്ട സ്പീക്കറും മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും പ്രകടിപ്പിച്ച അഭിപ്രായങ്ങളോട് യോജിക്കുകയാണ്. വിദ്യാർത്ഥിയായിരിക്കുമ്പോൾ കെ.എസ്.യു.-വിലൂടെ രാഷ്ട്രീയജീവിതം ആരംഭിച്ചെങ്കിലും ജീവിതയാഥാർത്ഥ്യമുൾക്കൊണ്ട് പ്രവാസം സ്വീകരിച്ച് കുവൈറ്റിലെ സ്വകാര്യ കമ്പനി ജീവനക്കാരനായി സേവനമനുഷ്ഠിക്കുകയും തുടർന്ന് നിരവധി സ്ഥാപനങ്ങളുടെ ചെയർമാനും നല്ലൊരു വ്യവസായിയുമായി മാറിയ അദ്ദേഹത്തിന് സ്വന്തം നാടിനെ വിസ്മരിക്കാൻ സാധിച്ചിരുന്നില്ല. പ്രവാസജീവിതത്തിലൂടെ

സ്വരുക്കൂട്ടിയ ആസ്തി സ്വന്തം നാടിന്റെ വികസനത്തിനായി വിനിയോഗിക്കാൻ അദ്ദേഹം കാട്ടിയ ആർജ്ജവം പ്രശംസനീയമാണ്. കുട്ടനാട്ടിലെയും സമീപപ്രദേശങ്ങളിലെയും പാവപ്പെട്ട ജനങ്ങൾക്കായി ജീവകാരുണ്യ പ്രവർത്തനങ്ങൾ നടത്താൻ അദ്ദേഹം പ്രത്യേകം ശ്രദ്ധചെലുത്തിയിരുന്നു. മനുഷ്യസ്നേഹി, സർവ്വസമ്മതനായ രാഷ്ട്രീയ നേതാവ് എന്നീ നിലകളിലുള്ള സേവനം എക്കാലവും സ്മരിക്കപ്പെടുന്നതാണ്. തോമസ് ചാണ്ടിയുടെ അപ്രതീക്ഷിത നിര്യാണത്തിലുണ്ടായ കുടുംബാംഗങ്ങളുടെ ദുഃഖത്തിൽ പങ്കുചേരുന്നതോടൊപ്പം ആദരാഞ്ജലികൾ അർപ്പിക്കുകയും ചെയ്യുന്നു.

<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u>: സഭാദ്ധ്യക്ഷനും സഭാനേതാവും പ്രതിപക്ഷനേതാവും പ്രകടിപ്പിച്ച വികാരത്തോട് യോജിക്കുകയാണ്. രാഷ്ട്രീയ-വ്യവസായ-പൊതു പ്രവർത്തന രംഗങ്ങളിൽ വിസ്മയമായി മാറിയ തോമസ് ചാണ്ടി എല്ലാവരുടെയും ഉറ്റസുഹൃത്തായിരുന്നു. ഇന്ത്യൻ നാഷണൽ കോൺഗ്രസ് പ്രവർത്തകനായി രാഷ്ട്രീയത്തിലേയ്ക്ക് പ്രവേശിച്ചശേഷം ഇടതുപക്ഷ പ്രസ്ഥാനവുമായി ചേർന്ന് പ്രവർത്തിക്കുമ്പോഴും ജനോപകാരപ്രദമായ കാര്യങ്ങളിൽ പാർട്ടിഭേദമെന്യേ അഭിപ്രായപ്രകടനം നടത്താനുള്ള അദ്ദേഹത്തിന്റെ ആർജ്ജവം ഇത്തരുണത്തിൽ സ്മരണീയമാണ്. അദ്ദേഹത്തിന്റെ വേർപാടിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

<u>ശ്രീ. മാത്യൂ റ്റി. തോമസ്</u>: ബഹുമാനപ്പെട്ട സ്പീക്കറും മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും കക്ഷിനേതാക്കളും പറഞ്ഞ അഭിപ്രായങ്ങളോട് യോജിക്കുകയാണ്. കാപട്യങ്ങളില്ലാത്ത പച്ചയായ മനുഷ്യനെയാണ് തോമസ് ചാണ്ടിയുടെ വിയോഗത്തിലൂടെ നഷ്ടമായിരിക്കുന്നത്. കുട്ടനാട്ടിൽ സമഗ്രമായൊരു കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതിനായി ഭൂമി വാങ്ങി നൽകുകയും പദ്ധതിയുടെ അന്തിമഘട്ടം വരെ സജീവ പങ്കാളിത്തം വഹിക്കുകയും ചെയ്തിരുന്നു. കുട്ടനാടുൾപ്പെടെയുള്ള പ്രളയബാധിത പ്രദേശങ്ങളിൽ സഹായമെത്തിക്കാൻ അദ്ദേഹം പ്രത്യേകം ശ്രദ്ധചെലുത്തിയിരുന്നു. വ്യത്യസ്തമായ പൊതുപ്രവർത്തന ശൈലിയിലൂടെ കേരളീയ ഹൃദയങ്ങളിൽ ചിരപ്രതിഷ്ഠ നേടിയ തോമസ് ചാണ്ടിയുടെ നിര്യാണത്തിൽ ഞാനും എന്റെ കക്ഷിയും അനുശോചനം രേഖപ്പെടുത്തുന്നു.

<u>ശ്രീ. പി. ജെ. ജോസഫ്</u>: ബഹുമാനപ്പെട്ട സ്പീക്കറും മുഖ്യമന്ത്രിയും പ്രതിപക്ഷ നേതാവും കക്ഷിനേതാക്കളും പറഞ്ഞ കാര്യങ്ങളോട് യോജിക്കുകയാണ്. രാഷ്ട്രീയത്തിനതീതമായി സമസ്തമേഖലയിലെ ജനങ്ങളുമായും സൗഹൃദം കാത്തുസൂക്ഷിക്കാൻ സാധിച്ച വ്യക്തിത്വത്തിനുടമയായിരുന്നു അദ്ദേഹം. കുട്ടനാടിന്റെ വികസനപ്രവർത്തനങ്ങളിൽ രാഷ്ട്രീയം നോക്കാതെ സഹായമെത്തിക്കാനും കുട്ടനാടൻ ജനതയുടെ പ്രശ്നങ്ങൾ അടുത്തറിയാനും തോമസ് ചാണ്ടിക്ക് കഴിഞ്ഞിട്ടുണ്ട്. ജീവകാരുണ്യ പ്രവർത്തനങ്ങളിൽ നിസ്തുലമായ പങ്ക് വഹിച്ചിരുന്ന

അദ്ദേഹത്തിന്റെ പാവനസ്മരണയ്ക്ക് മുൻപിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): തോമസ് ചാണ്ടിയുടെ ആകസ്മിക നിര്യാണംമൂലം അദ്ദേഹത്തിന്റെ കുടുംബത്തിനും കുട്ടനാട്ടിലെ ജനങ്ങൾക്കുമുണ്ടായ ആഘാതം വലുതാണ്. വിദ്യാർത്ഥി രാഷ്ട്രീയത്തിലൂടെ കടന്നുവന്ന് ജീവിതപ്രാരാബ്ധങ്ങളോട് പടവെട്ടി വ്യവസായ മേഖലയിലേയ്ക്ക് ചുവടുവച്ചപ്പോഴും പാർട്ടിയുമായുള്ള ബന്ധം നിലനിർത്താൻ അദ്ദേഹത്തിന് കഴിഞ്ഞിരുന്നു. കുട്ടനാട് പാക്കേജ് യാഥാർത്ഥ്യമാക്കുന്നതിന്റെ പിന്നിൽ പ്രവർത്തിച്ച അദ്ദേഹം ജീവകാരുണ്യ പ്രവർത്തനങ്ങളിലും സജീവ സാന്നിദ്ധ്യമായിരുന്നു. തോമസ് ചാണ്ടിയുടെ നിര്യാണത്തിൽ കുടുംബത്തിന്റെ ദുഃഖത്തിൽ പങ്കുചേരുന്നതോടൊപ്പം ആ ഓർമ്മയ്ക്ക് മുൻപിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ്: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും കക്ഷി നേതാക്കളും പറഞ്ഞ കാര്യങ്ങളോട് പൂർണ്ണമായും യോജിക്കുകയാണ്. ജീവിതപ്രാരാബ്ധങ്ങളോട് പടവെട്ടി വിജയിച്ച അതേ മനസ്സാന്നിദ്ധ്യത്തോടെയാണ് അസുഖത്തേയും അദ്ദേഹം നേരിട്ടത്. മികച്ച വ്യവസായി, സംരംഭകൻ, സാമൂഹ്യപ്രവർത്തകൻ എന്നീ നിലകളിലുള്ള അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ ശ്ലാഘനീയമാണ്. അധ്വാനിച്ച് സമ്പാദിക്കുന്ന പണത്തിന്റെ ഒരു ഭാഗം സാധാരണക്കാരന് ലഭ്യമാക്കണമെന്ന് അദ്ദേഹത്തിന് നിർബന്ധമുണ്ടായിരുന്നു.

ഗൾഫ് രാജ്യങ്ങളിൽ സ്കൂളുകൾ സ്ഥാപിച്ചത് പ്രവാസികൾക്ക് ഏറെ പ്രയോജനപ്രദമായിരുന്നു. അദ്ദേഹത്തിന്റെ വേർപാടിൽ കുടുംബത്തിന്റെ ദുഃഖത്തോടൊപ്പം പങ്കുചേരുന്നു.

തുറമുഖവും മ്യൂസിയവും പുരാവസ്തുസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും മറ്റ് കക്ഷി നേതാക്കളും രേഖപ്പെടുത്തിയ അഭിപ്രായങ്ങളോട് യോജിക്കുകയാണ്. വ്യവസായ-രാഷ്ട്രീയ രംഗങ്ങളിൽ ഇന്ത്യയ്ക്കകത്തും പുറത്തും ആത്മാർത്ഥതയും അർപ്പണബോധവും കഠിനാദ്ധ്വാനവും കൊണ്ട് ശ്രദ്ധേയനാകാൻ സാധിച്ച വ്യക്തിത്വത്തിനുടമയായിരുന്നു തോമസ് ചാണ്ടി. രാഷ്ട്രീയ-സാമൂഹ്യ രംഗങ്ങളിൽ മാതൃകാപരമായ പ്രവർത്തനം നടത്തിയ തോമസ് ചാണ്ടിയുടെ അകാല വിയോഗംമൂലം കുടുംബത്തിനുണ്ടായ ദുഃഖത്തിൽ പങ്കുചേരുന്നു; ആ ദീപ്തമായ ഓർമ്മയ്ക്ക് മുൻപിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

ശ്രീ. ഒ. രാജഗോപാൽ: സാധാരണ രാഷ്ട്രീയക്കാരിൽനിന്നും വ്യത്യസ്തമായി പ്രവർത്തിച്ച മാതൃകാ പൊതുപ്രവർത്തകനായ തോമസ് ചാണ്ടിയുടെ നിര്യാണത്തിൽ എല്ലാവർക്കുമുള്ള ദുഃഖത്തിൽ ഞാനും പങ്കുചേരുന്നു.

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സ്നേഹനിധിയായ ഒരു സഹോദരനെയും സഹപ്രവർത്തകനെയുമാണ് തോമസ് ചാണ്ടിയുടെ നിര്യാണത്തിലൂടെ നഷ്ടപ്പെട്ടത്.

സഭയ്ക്കകത്തും പുറത്തും തനിക്ക് ശരിയെന്ന് തോന്നുന്ന കാര്യങ്ങൾ തുറന്നുപറയുന്ന ഒരു നല്ല മനസ്സിനുടമയായിരുന്നു അദ്ദേഹം. സ്വന്തം കയ്യിൽനിന്ന് പണം ചെലവഴിച്ച് കുട്ടനാടിന്റെ പുരോഗതിക്കുവേണ്ടി പ്രവർത്തിക്കുകയും ഇന്ത്യയ്ക്ക് പുറത്ത് വ്യവസായ സ്ഥാപനങ്ങളും സ്കൂളുകളും സ്ഥാപിക്കുകയും സ്വന്തം അദ്ധ്വാനത്തിലൂടെ സമ്പാദിച്ചത് പാവങ്ങൾക്കു നൽകാൻ മനസ്സുകാണിക്കുകയും ചെയ്തു സത്യസന്ധനായ പൊതുപ്രവർത്തകനെയാണ് നഷ്ടപ്പെട്ടത്. അദ്ദേഹത്തിന്റെ വേർപാടിൽ ഞാനും എന്റെ പാർട്ടിയും ആദരാഞ്ജലികൾ അർപ്പിക്കുന്നു.

<u>ശ്രീ. പി. സി. ജോർജ്</u>: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും കക്ഷിനേതാക്കളും പ്രകടിപ്പിച്ച വികാരത്തോട് ഞാനും യോജിക്കുകയാണ്. ഒരു പ്രവാസി വ്യവസായിക്ക് നിയമസഭയിലും കടന്നുവരാൻ കഴിയുമെന്ന് തെളിയിച്ച പ്രഗൽഭനായ നേതാവാണ് അദ്ദേഹം. വിദ്യാഭ്യാസ-വ്യവസായ മേഖലകളിലെ തോമസ് ചാണ്ടിയുടെ സേവനങ്ങൾ മഹത്തരമാണ്. അദ്ദേഹത്തിന്റെ ആത്മാവിന് നിത്യശാന്തി നേരുന്നു.

(അന്തരിച്ച മഹത് വ്യക്തിയോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അല്പസമയം എഴുന്നേറ്റുനിന്ന് മൗനം ആചരിച്ചു.)

## II അറിയിപ്പ്

<u>പരിശീലന പരിപാടി</u>

ഇ-നിയമസഭയുമായി ബന്ധപ്പെട്ട പരിശീലന പരിപാടി സഭ പിരിഞ്ഞതിനുശേഷം ആവശ്യമായ അംഗങ്ങൾക്ക് നിയമസഭാ ഹാളിൽവച്ച് നടത്തുന്നതാണെന്നും ഇതിനായി സ്പെഷ്യൽ ടീമിനെ നിയോഗിച്ചിട്ടുണ്ടെന്നും അടുത്തയാഴ്ചയിലും പരിശീലന പരിപാടിയിൽ പങ്കെടുക്കാവുന്നതാണെന്നും സ്പീക്കർ അറിയിച്ചു.

(സഭ രാവിലെ 9.56-ന് പിരിഞ്ഞു.)

* * * * * *